# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **145/2026** തിരുവനന്തപുരം, തീയതി : **14/07/2026**

## <u>പത്രക്കുറിപ്പ്</u>

### <u>പരീക്ഷ മാറ്റിവച്ചു</u>

കേരളസർവകലാശാല 2026 ജൂലൈ 15,17 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എംഎ ഫിലോസഫി,ഏപ്രിൽ 2026 വൈവവോസി പരീക്ഷ മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

### <u>കേരള സർവകലാശാല</u>
### <u>ഒന്നാം വർഷ ബിഎഡ് പ്രവേശനം - 2026</u>
### <u>സ്പോർട്സ് ക്വാട്ട, ഡിഫെൻസ് ക്വാട്ട, കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെന്റ് ജൂലൈ 18 ന്.</u>

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, കെ.യു.സി.റ്റി.ഇ എന്നിവയിലേക്കുള്ള ഒന്നാം വർഷ ബിഎഡ് കോഴ്സുകളിലെ ഒഴിവുള്ള സ്പോർട്സ് ക്വാട്ട, ഡിഫെൻസ് ക്വാട്ട സീറ്റുകളിലേക്കും കെ.യു.സി.റ്റി.ഇ കളിലെ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്കും സ്പോട്ട് അലോട്ട്മെന്റ് ജൂലൈ **18** ന് ഇ എം എസ് ഹാൾ കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസ്സിൽ വച്ച് നടത്തുന്നു. രജിസ്ട്രേഷൻ സമയം രാവിലെ **8.30** മണി മുതൽ **10** മണി വരെ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് സഹിതം രാവിലെ **10** മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത സമയം കഴിഞ്ഞു വരുന്ന വരെ കൃത്യസമയത്ത് ഹാജരായ വിദ്യാർത്ഥികൾക്ക് ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം **(authorization letter)** നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി വാങ്ങാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്ന വിദ്യാർത്ഥികൾ അസ്സൽ മാർക്ക് ലിസ്റ്റുകളും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും കൈവശം കരുതണം. ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്പോട്ട് അലോട്ട്മെന്റ് സമയത്ത് ഹാജകരാക്കേണ്ടതാണ്. നിലവിൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ അഡ്മിറ്റ് മെമ്മോയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും ഹാജരാക്കിയാൽ മതിയാകും. സ്പോട്ട് അലോട്ട്മെന്റ് സമയത്ത് പ്രൊഫൈൽ എഡിറ്റിംഗ് അനുവദിക്കുന്നതല്ല.

ഡിഫെൻസ് ക്വാട്ട സീറ്റിലേക്ക് അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ ജില്ലാ സൈനിക ക്ഷേമ ഓഫീസറിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

ഇതര സർവകലാശാലകളിൽ നിന്നും ഡിഗ്രി/പിജി പൂർത്തിയാക്കിയ വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സുകൾ ബിഎഡ് പഠനത്തിന് കേരള സർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റ് കോളേജിൽ ഹാജരാക്കണം.

നിലവിൽ കെ.യു.സി.റ്റി.ഇ മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്തവരെയും, രജിസ്റ്റർ ചെയ്തവരെ പരിഗണിച്ച ശേഷം അവശേഷിക്കുന്ന സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്.

അഡ്മിഷൻ സംബന്ധിച്ചുള്ള അതാത് സമയങ്ങളിലെ വിവരങ്ങൾക്ക് സർവകലാശാല പത്രകുറിപ്പുകളും അഡ്മിഷൻ വെബ്സൈറ്റും (**https://admissions.keralauniversity.ac.in**) ശ്രദ്ധിക്കേണ്ടതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **8281883053 (Whatsapp also)**, ഇ-മെയിൽ : **bedadmission@keralauniversity.ac.in**.

## പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് **(MLISc/M.Lib.ISc)** (റെഗുലർ - 2024 അഡ്മിഷൻ, സപ്ലിമെന്ററി – 2022 & 2023 അഡ്മിഷൻ, മേഴ്സിചാൻസ് - 2017 – 2021 അഡ്മിഷൻ), ജനുവരി 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂലൈ 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

## പരീക്ഷാ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2026 മെയിൽ നടത്താൻ തീരുമാനിച്ചിരുന്ന രണ്ടാം സെമസ്റ്റർ എംഎസ്സി മാത്സ്, നവംബർ 2025 പരീക്ഷകൾ യഥാക്രമം 2026 ജൂലൈ 29, 31 തീയതികളിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വൈവവോസി/പ്രോജക്ട് വൈവവോസി & കോംപ്രിഹെൻസീവ് വൈവവോസി

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എംഎസ്സി ഇലക്ട്രോണിക്സ് പരീക്ഷയുടെ വൈവവോസി 2026 ജൂലൈ 15 ന് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എംഎ സംസ്കൃതം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ കോഴ്സിന്റെ വൈവവോസി പരീക്ഷ 2026 ജൂലൈ 16 ന് അതാത് പരീക്ഷാകേന്ദ്രത്തിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ പ്രോജക്ട് വൈവവോസി/ കോംപ്രിഹെൻസീവ് വൈവവോസി 2026 ജൂലൈ 14 മുതൽ 24 വരെ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ജൂൺ 2026 കരിയർ റിലേറ്റഡ് ബികോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന്റെ പ്രാക്ടിക്കൽ 2026 ജൂലൈ 21 ന് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതായിരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2026 ജൂലൈ 20 ന് ആരംഭിക്കുന്ന രണ്ടാം വർഷ ബിബിഎ ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ ഡിഗ്രി പരീക്ഷയ്ക്ക് ആലപ്പുഴ ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച രജിസ്റ്റർ നമ്പർ 3022480001 മുതൽ 3022480071 വരെയുള്ള റെഗുലർ വിദ്യാർത്ഥികൾ (2024 അഡ്മിഷൻ) സെന്റ് മൈക്കിൾസ് കോളേജ് ആലപ്പുഴയിലും, രജിസ്റ്റർ നമ്പർ 3022480072 മുതൽ 3022480148 വരെയുള്ള റെഗുലർ വിദ്യാർത്ഥികൾ (2024 അഡ്മിഷൻ) എസ്.ഡി. കോളേജ് ആലപ്പുഴയിലും, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി വിദ്യാർത്ഥികൾ യു.ഐ.ടി. ആലപ്പുഴയിലും പരീക്ഷ എഴുതേണ്ടതാണ്. പത്തനംതിട്ട ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ അടൂർ സെന്റ് സിറിൾസ് കോളേജിലും, കൊല്ലം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ. കോളേജിലും, തിരുവനന്തപുരം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച റെഗുലർ, ഇംപ്രൂവ്മെന്റ് പെൺകുട്ടികൾ വഴുതയ്ക്കാട് വിമൻസ് കോളേജിലും, റെഗുലർ ആൺകുട്ടികൾ (2024 അഡ്മിഷൻ), സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും കേശവദാസപുരം എം.ജി. കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. ഹാൾടിക്കറ്റുകൾ അതാത് പരീക്ഷാ കേന്ദ്രത്തിൽ നിന്നും 2026 ജൂലൈ 17 മുതൽ ലഭ്യമാകും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**


**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**